നാട്ടിക, ഫർക്കയിൽ നിന്ന് 7 ലക്ഷം ലിറ്റർ ജലം ഏറിയാട് പഞ്ചായത്തിന് നൽകുവാനുള്ള പണികൾ പൂർത്തീകരിച്ചു. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പണികൾ പുരോഗതിയിലാണ്.

(സി) നാട്ടിക ഫർക്കയുടെ വാട്ടർ സപ്ലൈ സ്കീമിൽ നിന്നും അധികമുള്ള ശുദ്ധജലം 7 ലക്ഷം ലിറ്റർ ഏറിയാട് പഞ്ചായത്തിനും 6 ലക്ഷം ലിറ്റർ പടിയൂർ പഞ്ചായത്തിനും 2.5 ലക്ഷം ലിറ്റർ കാട്ടൂർ പഞ്ചായത്തിനും 7.5 ലക്ഷം ലിറ്റർ ഒരുമനയൂർ-കടപ്പുറം പഞ്ചായത്തുകൾക്കും പ്രതിദിനം നൽകാൻ നടപടിയായിട്ടുണ്ട്. ഇതിൽ കൂടുതൽ ജലം നൽകാൻ തൽക്കാലം കഴിയുകയില്ല.

കൈനകരി ടൂറിസ്റ്റ് പ്രദേശത്തെ കുടിവെള്ള ക്ഷാമം

54 [2771] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഹൗസ് ബോട്ടുകളുടെ പ്രധാന സഞ്ചാര കേന്ദ്രമായ കൈനകരി പ്രദേശത്തെ ജലം മലിനപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ടൂറിസത്തിന് സാധ്യതയുള്ള കൈനകരി പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി എതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ കേരള മലിനീകരണ നിയന്ത്രണ ബോർഡാണ് പരിഹാര നടപടികൾ സ്വീകരിക്കേണ്ടത്.

(സി) കൈനകരിയിൽ ഒരു കുഴൽകിണർ നിർമ്മിച്ച് നിലവിലുള്ള ടാങ്കിൽ ജലം പമ്പ് ചെയ്ത് വിതരണം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കുഴൽകിണറിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിൽ നീരേറ്റുപുറത്ത് ജലശുദ്ധീകരണശാല നിർമ്മിക്കുന്ന മുറയ്ക്ക് കൈനകരിയിൽ കൂടുതൽ ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കും.

തൃത്താല നിയോജകമണ്ഡലത്തിലെ ലിഫ്ട് ഇറിഗേഷനുകളുടെ തകരാറുകൾ

55 [2772] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷനുകളുടെ തകരാറുകൾ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അവ പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തകരാറുകൾ പരിഹരിക്കുന്നതിനായി നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു. ആനക്കര, പട്ടിത്തറ, തൃത്താല, വെള്ളിയാങ്കൻകടവ്, കാലടിക്കുന്ന്, കണ്ടന്നൂർ, തിരുവിഴക്കോട് എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ഇലക്ട്രിക്കൽ റിപ്പയറിംഗ് ജോലികൾ ചെയ്തുവരുന്നു.

എലത്തൂർ പഞ്ചായത്തിലെ കടൽഭിത്തി നിർമ്മാണം

56 [2773] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ എത്ര കിലോമീറ്റർ ദൂരം പലപ്പോഴായി കടൽക്ഷോഭം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത പഞ്ചായത്തിൽ എത്ര കിലോമീറ്റർ കടൽഭിത്തി കെട്ടിയിട്ടുണ്ട്;

(സി) 2004 വർഷത്തിൽ ഏതെല്ലാം പ്രദേശങ്ങളിലായാണ് ഈ പഞ്ചായത്തിൽ കടൽക്ഷോഭം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവിടെ കടൽഭിത്തി നിർമ്മിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം ഇറിഗേഷൻ വകുപ്പിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് എന്നും ഇത് സംബന്ധിച്ച നടപടി എന്തെല്ലാമാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 4 കി. മീ.

(ബി) എലത്തൂർ പഞ്ചായത്തിന്റെ 4 കി. മീ. തീരം കടലാക്രമണ ഭീഷണിയിലാണ്. ഇതിൽ 3 കി. മീ. ദൂരം വർഷങ്ങൾക്ക് മുമ്പ് കടൽഭിത്തി കെട്ടിയിരുന്നു. എന്നാൽ ഇതിൽ 2.3 കി. മീ. നീളം അടിയന്തിരമായി പുനരുദ്ധാരണം നടത്തേണ്ടതുണ്ട്.

(സി) 2004-ൽ മുക്കാടി, മാട്ടുവയൽ, ചെട്ടിക്കുളം എന്നീ പ്രദേശങ്ങളിലാണ് കടൽ ക്ഷോഭം അതിശക്തമായി അനുഭവപ്പെടുന്നത്.

(ഡി) എലത്തൂർ പഞ്ചായത്തിലെ ചെട്ടിക്കുളം കടൽഭിത്തിയുടെ 600 മീറ്റർ നീളം പുനരുദ്ധരിക്കാൻ 38 ലക്ഷം രൂപയുടേയും മുക്കാടിയിൽ 250 മീറ്റർ നീളം കടൽ ഭിത്തി പുനരുദ്ധരിക്കാൻ 20 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റ് തയ്യാറാക്കി സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly